# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2404

08.05.2017 -ൽ മറുപടിയ്ക്ക്

**കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം<br>ശ്രീ. കെ. ആൻസലൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ ഭൂമി കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഡിസംബർ 2016-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് സ്ഥലം എം.എൽ.എ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോയെന്ന് വിശദമാക്കുമോ; | (എ) | പരിശോധിച്ച് വരുന്നു. |
| (ബി) | കുളത്തൂർ ഗവൺമെന്റ് കോളേജിന് അനുവദിച്ച 8 കോടിയുടെ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചോ; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് നടത്താൻ സാധിക്കും; വ്യക്തമാക്കുമോ; | (ബി) | KIIFB യുടെ സാമ്പത്തിക സഹായത്തോടെ 8 കോടി രൂപയുടെ നിർമ്മാണ പ്രവർത്തന പദ്ധതിയിൽ കുളത്തൂർ ഗവ. കോളേജിനെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കോളേജ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും കൈമാറി കിട്ടാത്തതിനാൽ പ്രസ്തുത പദ്ധതിയിൽ നിന്നും കോളേജിനെ ഒഴിവാക്കിയിരിക്കുകയാണ്. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് മറ്റെന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് ഉടമസ്ഥാവകാശം ഒഴികെ മറ്റ് തടസ്സങ്ങളില്ല. |

സെക്ഷൻ ഓഫീസർ